# പ്രളയബാധിത മേഖലകളിലെ കാർഷിക കടങ്ങൾക്ക് ഒരു വർഷം മൊറട്ടോറിയം

■ സമഗ്ര കുട്ടനാട് പാക്കേജിന്റെ രണ്ടാംഘട്ട പദ്ധതി തയാറാക്കി കേന്ദ്രത്തെ സമീപിക്കും

**മനോരമ ലേഖകൻ**

തിരുവനന്തപുരം● കുട്ടനാട് ഉൾപ്പെടെയുള്ള പ്രളയബാധിത മേഖലകളിലുള്ളവരുടെ കാർഷിക കടങ്ങൾക്ക് ഒരു വർഷം വരെ മൊറട്ടോറിയം പ്രഖ്യാപിക്കാൻ മന്ത്രിസഭാ തീരുമാനം. സംസ്ഥാന, ജില്ലാതല ബാങ്കിങ് സമിതികൾ വിളിച്ച് ഇതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ഇതു സംബന്ധിച്ചു സഹകരണ ബാങ്കുകൾക്കും നിർദേശം നൽകും.

മടവീഴ്ച ഉണ്ടായ സ്ഥലങ്ങളിൽ പുനർനിർമാണത്തിനുള്ള മുഴുവൻ ചെലവും സർക്കാർ വഹിക്കും. ചെലവിന്റെ 20% തുക ഉടൻ നൽകും. ദുരിതമേഖലയിലുള്ളവർക്കു വെള്ളക്കരം, വൈദ്യുതി ബിൽ എന്നിവ അടയ്ക്കുന്നതിന് അടുത്ത ജനുവരി വരെ സാവകാശം അനുവദിക്കും.

ആധാർ, റേഷൻ കാർഡ്, വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് തുടങ്ങിയവ നഷ്ടപ്പെട്ടവർക്ക് അപേക്ഷാഫീസ് ഒഴിവാക്കി പുതിയതു ലഭ്യമാക്കും. ഇതിനായി കലക്ടർമാരുടെ നേതൃത്വത്തിൽ 16 മുതൽ 31 വരെ ബന്ധപ്പെട്ട വകുപ്പുകൾ അദാലത് നടത്തും.

ദുരിതമേഖലയിലുള്ളവർക്കു വിവിധ ആവശ്യങ്ങൾക്കായി പൊതുമേഖലാ, സഹകരണ ബാങ്കുകൾ മുഖേന പുതിയ വായ്പ ലഭ്യമാക്കും. ചെറുകിട വ്യാപാരികൾക്കു കെഎഫ്സി മുഖേന പ്രത്യേക വായ്പാ പദ്ധതി ലഭ്യമാക്കാനാകുമോയെന്നു പരിശോധിക്കും. സമഗ്ര കുട്ടനാട് പാക്കേജിന്റെ രണ്ടാംഘട്ട പദ്ധതി തയാറാക്കി കേന്ദ്രത്തെ സമീപിക്കുന്നതിനു ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## മറ്റു പ്രധാന തീരുമാനങ്ങൾ

ശുദ്ധജല പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും. വെള്ളം ഒഴുകിപ്പോകാതെ അടഞ്ഞു കിടക്കുന്ന പൊഴികൾ തുറക്കും. ആലപ്പുഴ ജില്ലയിലെ അഞ്ചു നദികളുടെയും വൃഷ്ടി പ്രദേശത്തെ മഴയുടെ അളവ് മുൻകൂട്ടി മനസ്സിലാക്കാനും വെള്ളപ്പൊക്ക സാധ്യത പ്രവചിക്കാനും 'സമഗ്ര ഫ്ളഡ് ഫോർകാസ്റ്റിങ് സിസ്റ്റം' രൂപകൽപന ചെയ്യും. ഇക്കാര്യം പഠിച്ചു റിപ്പോർട്ട് നൽകാൻ ദുരന്തനിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തി.

ജലനിരപ്പു ക്രമാതീതമായി ഉയരാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ വെള്ളം കയറാത്ത വിവിധോദ്ദേശ്യ കെട്ടിടങ്ങൾ നിർമിക്കും. ഇവ ദുരിതാശ്വാസ ക്യാംപുകളായും സമൂഹ അടുക്കളയായും ഉപയോഗിക്കാം. ശുചിമുറികൾ നിർമിച്ചു നൽകും.

സൗരോർജ വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കും. ദുരന്തനിവാരണ അതോറിറ്റിയുടെയും അനെർട്ടിന്റെയും സാങ്കേതിക സഹായം ഇതിനു തേടും. കെട്ടിട നിർമാണത്തിന് ഉപയോഗിക്കാവുന്ന സ്ഥലങ്ങളിൽ നിലവിലുള്ള നിയമത്തിനനുസൃതമായി പ്രത്യേക കെട്ടിട നിർമാണ സാധ്യത പരിശോധിക്കും. ആവശ്യമെങ്കിൽ പ്രത്യേക നിയമനിർമാണം വേണമോയെന്നു പരിശോധിക്കും. നിയമനിർമാണം ആവശ്യമായി വരുന്നപക്ഷം തദ്ദേശഭരണ വകുപ്പിനെ ചുമതലപ്പെടുത്തി. സാങ്കേതിക വൈദഗ്ധ്യം നേടി നിർമാണ പ്രവർത്തനങ്ങൾ നടത്താൻ ദുരന്ത നിവാരണ അതോറിറ്റിയെയും അനെർട്ടിനെയും ചുമതലപ്പെടുത്തും.

വെള്ളം കയറിയ വീടുകളിലെ തറകൾ കയർ മാറ്റ് ഉപയോഗിച്ച് ഉപയോഗയോഗ്യമാക്കും. വിദ്യാർഥികൾക്കു നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾക്കു പകരം കൂടുതൽ പ്രവൃത്തി ദിവസങ്ങൾ ഒരുക്കും. സ്കൂളുകളിൽ ആവശ്യമെങ്കിൽ പുതിയ കെട്ടിടങ്ങൾ നിർമിക്കും. വലിയ വള്ളങ്ങളും ബോട്ടും കടന്നുപോകുന്നതിനു തടസ്സമായി നിൽക്കുന്ന പാലങ്ങളുടെ ഉയരം കൂട്ടും.

നബാർഡിന്റെ ആർഐഡിഎഫ് പദ്ധതിയിൽ ഇക്കാര്യം ഉൾപ്പെടുത്തും. കുട്ടനാട്ടിലെ എല്ലാ അടിയന്തര സേവന ഓഫിസുകളും രണ്ടു മീറ്റർ ഉയർത്തുന്നതു പരിഗണിക്കാൻ ദുരന്തനിവാരണ അതോറിറ്റിയെയും മരാമത്ത്, ജലവിഭവ വകുപ്പുകളെയും ചുമതലപ്പെടുത്തും. കൂടുതൽ ജല ആംബുലൻസുകൾ നീറ്റിലിറക്കും.

കന്നുകാലികളുടെ സംരക്ഷണത്തിനായി രണ്ടു മീറ്റർ ഉയരത്തിൽ പ്ലാറ്റ്ഫോം നിർമിക്കും. ശുദ്ധജലം എത്തിക്കുന്നതിനു മതിയായ സംവിധാനങ്ങൾ ജല അതോറിറ്റി ഏർപ്പെടുത്തും. ഇവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലായിരിക്കും.

പാമ്പു ശല്യം കൂടാനിടയുള്ളതിനാൽ മെഡിക്കൽ കോളജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തും. മാലിന്യം നീക്കം ചെയ്യുന്നതിനു ശുചിത്വമിഷനും മണ്ണും ചെളിയും നീക്കുന്നതിനു തദ്ദേശഭരണ, റവന്യു, ആരോഗ്യ വകുപ്പുകളും സംവിധാനം ഏർപ്പെടുത്തും.

റോഡുകളുടെ അറ്റകുറ്റപ്പണി ത്വരിതപ്പെടുത്തും. ആലപ്പുഴ-ചങ്ങനാശേരി റോഡിന്റെ പണി ഉടൻ തുടങ്ങും.

വിവിധ ജില്ലകളിലായുള്ള പ്രളയ മേഖലയിലെ ദുരിതാശ്വാസ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഒരു സ്പെഷൽ ഓഫിസറെ എല്ലാ വകുപ്പുകളും പ്രത്യേകമായി നിയോഗിക്കും. ഇവർക്കു നേതൃത്വം നൽകാൻ ആലപ്പുഴ കലക്ടറെ സ്പെഷൽ ഓഫിസറായി നിയമിച്ചു.

നിലവിലുള്ള മാർഗരേഖ പ്രകാരം ദുരന്തനിവാരണ നിധിയിൽനിന്ന് അനുവദിക്കുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ആവശ്യമായ തുക ലഭ്യമാക്കി ഉയർന്ന നഷ്ടപരിഹാരം നൽകും.

കുട്ടനാട് മേഖലയിൽ ശുചീകരണ പ്രവർത്തനം നടത്താൻ സന്നദ്ധ സംഘടനകളും പ്രവർത്തകരും മുന്നോട്ടുവരണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു.

**Malayala Manorama**

**24 August 2018**

**Thiruvananthapuram; After flood, Agriculture**